**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3046** **13-07-2022 - ൽ മറുപടിയ്ക്ക്**

**മഴയിൽ റോഡുകൾക്ക് വന്ന കേടുപാടുകൾക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മഴയിൽ റോഡുകൾക്ക് കേടുപാടുപറ്റിയത് പരിഹരിക്കാനും തകർന്ന റോഡുകളുടെ സമയബന്ധിതമായ പുനരുദ്ധാരണത്തിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; ഇക്കാര്യ ഹൈക്കോടതിയുടെ ഇടപെടൽ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (എ) | കാലവർഷക്കാലത്ത് റോഡ് പരിപാലനം ഉറപ്പുവരുത്താൻ പ്രത്യേക task force രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ചീഫ് എഞ്ചിനീയർമാരും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന State level task force ന്റെയും District level task force ന്റെയും പ്രവർത്തനം 2022 ജൂൺ 1 മുതൽ KSTP PI Cell -ന്റെ നിയന്ത്രണത്തിൽ ആരംഭിച്ചു. പൊതുജനങ്ങൾക്ക് ടോൾഫ്രീ നമ്പറായ 18004257771-ൽ പരാതികൾ ഉടൻതന്നെ വിളിച്ചറിയിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികൾ ഉടൻ തന്നെ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ ഫോൺ/ഇ.മെയിൽ മുഖേന അറിയിക്കുകയും ചെയ്യും. മഴ ഇല്ലെങ്കിൽ പരമാവധി 48 മണിക്കൂറിനകം താൽക്കാലിക പരിഹാരമെങ്കിലും ഉണ്ടാക്കാനാണ് നിർദ്ദേശം. സ്വീകരിച്ച പരിഹാര നടപടികൾ പരാതിക്കാരനെ നേരിട്ട് അറിയിക്കുകയും Task Force ന്റെ -വാട്സ് ആപ്പ് ഗ്രൂപ്പിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ മൂന്നു ദിവസത്തിലൊരിക്കൽ Pl Cell- ൽ നിന്നും പരാതി പരിഹാര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് State Task Force – ന് നൽകുകയും ചെയ്യുന്നു. സംസ്ഥാനത്തെ റോഡുകളെല്ലാം തന്നെ യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കുന്നതിന് ബഹു. ഹൈക്കോടതിയുടെ നിർദ്ദേശം ലഭിക്കുകയും അതനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ റോഡുകളും ഗതാഗതയോഗ്യമാക്കുകയും ചെയ്യുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സമയ ബന്ധിതമായി |

| | | | |
|---|---|---|---|
| | | | അറ്റകുറ്റപ്പണികൾ നടത്തി എല്ലാ റോഡുകളും കുഴികളടച്ച് ഗതാഗത യോഗ്യമാക്കുന്നതിന് "Running Contract" മുഖേന രണ്ടു ഘട്ടങ്ങളിലായി 302.286 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുകയുമാണ്. റോഡുകളുടെ കേടുപാടുകൾ പരിഹരിക്കുന്നത് സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശം ഗൗരവത്തോടെ കാണുകയും ഇത് സംബന്ധിച്ച അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | റോഡിന്റെ കേടുപാടുകൾ സംബന്ധിച്ച വിവരം അറിയിക്കാൻ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികളെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പൊതുജനങ്ങൾക്ക് പരാതി നൽകുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ ആയ PWD4U, ടോൾഫ്രീ നമ്പർ സംവിധാനം (18004257771) തുടങ്ങിയവ നിലവിലുണ്ട്. ഇത് മുഖേന ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ടി.പി. വിഭാഗത്തിന് കീഴിൽ കേന്ദ്രീകൃത സംവിധാനമായ പബ്ലിക് ഇൻഫർമേഷൻ സെൽ രൂപീകരിക്കുകയും ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും പരാതിയിന്മേൽ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് പരാതിക്കാരന് നൽകുകയും ചെയ്ത് വരുന്നു. |
| (സി) | റോഡുകളുടെ അറ്റകുറ്റപണിക്കായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | റോഡുകളുടെ അറ്റകുറ്റപണിക്കായി, ജി.ഒ.(എം.എസ്.)39/2017/പൊ.മ.വ., തീയതി 29/06/2017 പ്രകാരം നിരത്ത് പരിപാലനവിഭാഗം രൂപീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ "Constituency Monitoring Team (CMT)" രൂപീകരിക്കുകയും, 140 നിയോജക മണ്ഡലത്തിലെയും പ്രവൃത്തികൾ നിരീക്ഷിക്ക ന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഓരോ നിയോജകമണ്ഡലത്തിലും ഓരോ നോഡൽ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാലവർഷത്തിൽ തകരുന്ന റോഡുകൾ 48 മണിക്കൂറിനുള്ളിൽ പരിഹാരം കാണുന്നതിനായി പ്രത്യേക ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ഓടകളുടെ അഭാവവും അവയുടെ അശാസ്ത്രീയ നിർമ്മാണവും കുടിവെള്ള വിതരണം, ടെലിഫോൺ കേബിൾ സ്ഥാപിക്കൽ തുടങ്ങിയ വിവിധ വകുപ്പുകളുടെ ആസൂത്രണവും ഏകോപനവുമില്ലാത്ത പ്രവൃത്തികളും റോഡുകളെ തകരാറിലാക്കുന്നതായ | (ഡി) | പൊതുമരാമത്ത് വകുപ്പിന്റെ പ്രധാന റോഡുകളെല്ലാം തന്നെ കാലാവസ്ഥാ വ്യതിയാനം, മണ്ണിന്റെ ഘടന എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് സ്ഥലത്തിന്റെ ചരിവിനനുസരിച്ചുള്ള ഓടകൾ, |

| | | | |
|---|---|---|---|
| | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കാമോ? | | മറ്റു സുരക്ഷാ മുൻകരുതലുകൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്.<br><br>പൊതുമരാമത്ത് വകുപ്പ് റോഡുകളുമായി ബന്ധപ്പെട്ട് മറ്റു വകുപ്പുകൾ, ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ചർ കോഡിനേഷൻ കമ്മിറ്റികൾ, PWD Portal, ROW Portal എന്നിവ നിലവിലുണ്ട്. എല്ലാ മാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ DICC യോഗം കൂടുകയും വിവിധ പ്രവൃത്തികളുടെ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ PMG Portal മുഖേന ത്വരിതപ്പെടുത്തി വരുന്നു. റോഡുകൾ കുഴിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതും അനുമതി നൽകുന്നതും ROW Portal മുഖേനയാണ്. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി മുറിക്കുമ്പോൾ അവ പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിനുള്ള ഉത്തരവാദിത്തം കേരള വാട്ടർ അതോറിറ്റിക്ക് തന്നെ നിക്ഷിപ്തമാക്കിക്കൊണ്ട് 24.02.2022 -ലെ ജി.ഒ. (എം.എസ്.) നം.8/2022/ പി.ഡബ്ല്യു.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ പദ്ധതി നിരീക്ഷണത്തിനായി പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ